റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) കടലാക്രമണത്തിൽ വീടും വസ്തുവകകളും നഷ്ടപ്പെട്ടവർക്ക് അർഹതയനുസരിച്ച് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും താലൂക്ക് തഹസിൽദാർമാർ വഴി ധനസഹായം ചെയ്തുവരുന്നു. കടലാക്രമണത്തിൽ വീട് പൂർണ്ണമായി ഒലിച്ചുപോയവർക്ക് 25,000 രൂപയും പൂർണ്ണമായി നഷ്ടപ്പെടുകയും, പുനർ നിർമ്മാണത്തിന് പഴയ വീടിന്റെ സാധന സാമഗ്രികൾ ഭാഗികമായി ഉപയോഗിക്കാൻ പറ്റുമെങ്കിൽ അവർക്ക് 15,000 രൂപയും ഭാഗികമായി കേടുപാടുകൾ സംഭവിച്ചവയ്ക്ക് പരമാവധി 5,000 രൂപയും, വീടും സ്ഥലവും പൂർണ്ണമായി നഷ്ട പ്പെട്ടവർക്ക് 4 സെന്റ് ഭൂമിയും നൽകുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ റിലീഫ് ക്യാമ്പുകൾ തുറക്കുകയും സൗജന്യ റേഷൻ നൽകുകയും ചെയ്യുന്നു. മത്സ്യബന്ധനത്തിനു പോയി കടൽക്ഷോഭംകൊണ്ട് കാണാതായ മത്സ്യത്തൊഴിലാ ളികളുടെ കുടുംബത്തിന് 25,000 രൂപ വീതം താൽക്കാലിക ധനസഹായം നൽകുന്നതാണ്. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ അവർക്കും ധനസഹായം നൽകിവരുന്നു.

(ബി) 299 എണ്ണം പൂർണ്ണമായി തകർന്നിട്ടുണ്ട്.

(സി) 7790 എണ്ണം ഭാഗികമായി തകർന്നിട്ടുണ്ട്.

(ഡി) 8,68,45,058 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

പെട്രോളിൽ മായം ചേർക്കൽ തടയുവാൻ നടപടി

*5 [T280] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

" ഇ. ടി. മുഹമ്മദ് ബഷീർ:

" സി. മോയിൻകുട്ടി:

" പി. കെ. അബ്ദുറബ്ബ്:

" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില പെട്രോൾ പമ്പുകളിൽ പെട്രോളിൽ മായം ചേർക്കുന്നതായും അളവിൽ കൃത്രിമം കാണിക്കുന്നതായും പരിശോധനയിൽ തെളിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കുറ്റകൃത്യം കണ്ടുപിടിക്കുന്നതിന് സ്ഥിരമായ സംവിധാനം സംസ്ഥാന വ്യാപകമായി നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുമോ;

(ഡി) പെട്രോളിൽ മായം ചേർക്കുകയും അളവിൽ കൃത്രിമം കാണിക്കുകയും ചെയ്യുന്ന പമ്പുടമകൾക്ക് എതിരെ എന്ത് നടപടിയാണ് സ്വീകരി ക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

(ഡി) 1985-ലെ സ്റ്റാന്റേർഡ് ഓഫ് വെയിറ്റ്സ് ആന്റ് മെഷേഴ്സ് (എൻഫോഴ്സ്മെന്റ്) ആക്ട് പ്രകാരവും കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള 2001-ലെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസ് അനുസരിച്ചുമുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

സ്കൂൾ വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മിറ്റി റിപ്പോർട്ട്

*6 [261] ശ്രീ. എൻ ശക്തൻ:

„ ടി. എൻ. പ്രതാപൻ:

„ ടി. വി. ചന്ദ്രമോഹൻ:

„ എം. എ. ചന്ദ്രശേഖരൻ:

„ എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസത്തിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഒരു സമിതിയെ നിയമിച്ചിരുന്നോ;

(ബി) എങ്കിൽ ഇതിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ കമ്മിറ്റിയുടെ ചെയർമാനും അംഗങ്ങളും യോജിച്ചുള്ള റിപ്പോർട്ടാണോ സമർപ്പിച്ചത്;

(ഇ) ഇല്ലെങ്കിൽ ഇവർ പ്രത്യേകം പ്രത്യേകം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഈ റിപ്പോർട്ടുകളെല്ലാം പ്രസിദ്ധീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) നിയമിച്ചിരുന്നു.

(ബി) ശ്രീ. യു. ആർ. അനന്തമൂർത്തി (ചെയർമാൻ), ഡോ. എ. സുകുമാരൻ നായർ, ഡോ. ഡി. ബാബുപോൾ, പ്രൊ. എൻ. പുരുഷോത്തമൻ, പ്രൊ. കെ. എം. ബഹാവുദ്ദീൻ.

(സി) ഉണ്ട്.

(ഡി) അല്ല.

(ഇ) ഉണ്ട്. റിപ്പോർട്ടുകൾ ഗവൺമെന്റ് പരിശോധിച്ചുവരുന്നതേയുള്ളൂ. വിശദമായ പരിശോധനയ്ക്കുശേഷം പ്രസിദ്ധീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly